ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒരു സംസ്ഥാനം ഉണ്ടായതിനെ തുടർന്ന കടകളിൽനിന്നും പയർ എടുത്തു് ലാബറട്ടറിയിൽ അയച്ചു് പരിശോധന നടത്തി. പരിശോധനയിൽ അതിൽ വിഷാംശം ഉണ്ടായിട്ടുള്ളതായി വെളിവായിട്ടില്ല.

ശുദ്ധജലവിതരണം

* 10. [6] ശ്രീ. പി. എസു്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശവാസികൾക്കു് ശുദ്ധജലവിതരണം നടത്തുന്നതിനു് ഗവണ്മെൻറിനുള്ള പരിപാടികൾ എന്തൊക്കെയാണു് ;

(ബി) അരൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തു പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്തുന്നതിനു് ഓവർഹെഡു് ടാങ്കുകൾ കെട്ടി ശുദ്ധജലവിതരണം നടത്തുന്നതാണു് പ്രയോജനപ്രദമെന്നു കാണിച്ചു് നിവേദനം വല്ലതും ലഭിച്ചിട്ടുണ്ടോ ;

(സി) മേൽപറഞ്ഞ രീതിയിലുള്ള ശുദ്ധജലവിതരണപരിപാടി ആ പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ഗവണ്മെൻറു് അടിയന്തിര ശ്രദ്ധ പതിപ്പിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കഴൽ കിണറുകൾ കുഴിച്ചു അതിൽ നിന്നും കിട്ടുന്ന ജലം പമ്പു ചെയ്തു ഓവർഹെഡു് ടാങ്കുകളിൽ സംഭരിച്ചു കുഴലുകൾവഴി വിതരണംചെയ്യുക എന്നതാണു് തീരദേശങ്ങളിൽ ജലവിതരണത്തിനുള്ള ഏറ്റവും വിജയകരമായ പദ്ധതി.

(ബി) ഉണ്ടു്.

(സി) ഇക്കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്.

ശ്രീ. പി. എസു്. കാത്തികേയൻ : ചോദ്യം നമ്പർ.-യിൽ പറഞ്ഞിട്ടുള്ളതുപോലെ അരൂർ നിയോജകമണ്ഡലത്തിലെ പഞ്ചായത്തുപ്രദേശങ്ങളിൽ രണ്ടോ മൂന്നോ കുഴൽകിണറുകൾ കുഴിപ്പിച്ചു അതിൽനിന്നും ഉള്ള വെള്ളം ഓവർ ഹെഡ്ഡു് ടാങ്കുകൾ കെട്ടി ശുദ്ധജലവിതരണം നടത്തുന്നതാണു് പ്രയോജനപ്രദമെന്നും, ആ പദ്ധതി ഉപയോഗപ്പെടുത്തീട്ടില്ലെന്നും ഉള്ള ഒരു നിവേദനം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ലേ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ ഒന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. എന്നാൽ അതു അങ്ങനെ ചെയ്യുന്നതുകൊണ്ടു് ഈ റൂറൽ വാട്ടർസപ്ലൈ സ്കീമിൻെറ ആ സീലിംഗു് ലിമിറ്റിൽ കൂടുതലാകും എന്നു കണ്ടതുകൊണ്ടു് ആണു് അതു തുടരാതിരുന്നതു്. പക്ഷെ, ഇതുപോലെയുള്ള കാര്യങ്ങളിൽ ഈ റൂളുകൾ കുറച്ചു റിലാക്സു ചെയ്യാം എന്നു് ഇപ്പോൾ അനുവാദം കിട്ടീട്ടുണ്ടു്. അതിൻെറ വെളിച്ചത്തിൽ അതിപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. കെ. സി. ഏബ്രഹാം : ഒരു അമേരിക്കൻ വിദഗ്ദ്ധൻെറ ഉപദേശപ്രകാരം തീരപ്രദേശങ്ങളിൽ കുഴൽ കിണറുകൾ കുഴിപ്പിച്ചു ശുദ്ധജലവിതരണം നടത്താം എന്നുള്ളതനുസരിച്ചു അപ്രകാരം കുഴൽകിണറുകൾ കുഴിപ്പിച്ചിട്ടുള്ളതിൽ നിന്നും ഇപ്പോൾ ശുദ്ധജലം ലഭിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : വളരെ കൃത്യമായിട്ടു പറയാൻ നിവൃത്തിയില്ല. എങ്കിലും ഒന്നുരണ്ടെണ്ണം പരിശോധിച്ചു നോക്കിയതിൽ ഒന്നു് സൈനികസ്കൂളിലും, ഒന്നു് എറണാകുളം ജില്ലയിലും. അങ്ങനെ നോക്കിയതിൽ സൈനികസ്കൂളിൽ വിജയകരമായി കണ്ടു. മറ്റേതും വിജയിച്ചുകാണും. കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഈ കടലിൽ നിന്നും ഉപ്പുവെള്ളം മാറ്റി എടുത്തു ശുദ്ധജലവിതരണം നടത്താനുള്ള വല്ല പദ്ധതിയും ഗവണ്മെൻറിൻെറ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ പരിഗണനയിൽ ഇപ്പോഴൊന്നുമില്ല. പത്രത്തിൽ നിന്നും വായിച്ചിട്ടുണ്ട്.

ശ്രീ. ബി. വി. സീതിതങ്ങൾ : പൊന്നാനിയിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രം അംഗീകരിച്ചിട്ടുണ്ട് എന്നു അറിയുന്നതു ശരിയാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പൊന്നാനി ടൗണിലേക്കുവേണ്ട കുഴവൻ സപ്ലൈയും നടത്താനുള്ള ഒരു പദ്ധതിക്കുവേണ്ടി അതിലേക്കു പ്രത്യേകാനുവാദത്തിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു. അതു കിട്ടിക്കഴിഞ്ഞിട്ടുണ്ടെന്നാണെന്റെ ഓർമ്മ. അതു പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ സാദ്ധ്യമാകൂ.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ രാജ്യത്തു കൊക്കൊലമായിട്ടു കുഴൽ കിണറുകൾ കുഴിപ്പിച്ചു വരുന്നുണ്ട്. എന്നാൽ അവിടെ ചില സ്ഥലങ്ങളിൽ ഇതുവരെ വെള്ളം കിട്ടിയിട്ടില്ല. ഉദാഹരണത്തിനു ഏറ്റുമാനൂരുള്ള ഒരു കുഴൽ കിണർ, പിന്നെ വെളിയനാട്. കുട്ടനാട് ഈ സ്ഥലങ്ങളിലെ കുഴൽ കിണറുകൾ, ഇങ്ങനെ പലയിടത്തും ഇതു പരാജയപ്പെട്ടതായിട്ടാണ് കാണുന്നതു് എന്നുള്ളതറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചില പ്രദേശങ്ങളിലെല്ലാം കുഴൽ കിണറുകൾ കുഴിപ്പിച്ചു ശുദ്ധജലവിതരണം വിജയകരമായി നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ അതായതു്, നെടുമുടി, ചമ്പക്കുളം മുതലായ സ്ഥലങ്ങളിൽ കുഴൽ കിണർ വിജയിച്ചിട്ടുണ്ട് മൊത്തത്തിൽ ഇതു വിജയകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നാണ് ഗവണ്മെൻറു പ്രതീക്ഷിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : തലശേരിയിലും കണ്ണൂരിലും ശുദ്ധജല വിതരണം നടത്തുന്നതിനുള്ള അഞ്ചരക്കണ്ടിപദ്ധതി എന്നറിയപ്പെടുന്ന പദ്ധതി ഇപ്പോഴും നിറുത്തിവച്ചിരിക്കുകയാണ്. അതു വീണ്ടും തുടരാൻ ആലോചനയുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നിറുത്തിവച്ചിട്ടില്ല. തലശ്ശേരി, മാഹി ഈ പ്രദേശങ്ങൾക്കു മൊത്തമായിട്ടുള്ള ഒരു സ്കീമായതുകൊണ്ട് അതിനു വേണ്ടി കേന്ദ്രഗവണ്മെൻറിന്റെ അനുവാദംകൂടി കിട്ടാൻ അപേക്ഷിച്ചിട്ടുണ്ട്. അനുവാദം കിട്ടുന്ന മുറയ്ക്കു അതു തുടർന്നു നടത്തുന്നതാണ്.

ശ്രീ. പി. സി. രാഘവൻ നായർ : അടിയന്തിരാവസ്ഥയുടെ പേരിൽ ശുദ്ധജലവിതരണപദ്ധതികൾക്കു യാതൊരു തടസവും ഉണ്ടാകുകയില്ലെന്നു പറഞ്ഞിരുന്നിട്ടും, കോഴിക്കോട്ടു പട്ടണത്തിലും പരിസരപ്രദേശങ്ങളിലും ശുദ്ധജല വിതരണത്തിനു് ഇതിനു മുൻപുതന്നെ എസ്റ്റിമേറു തയാറാക്കിയിട്ടുള്ളവർ ഹെഡ് ടാങ്കിന്റെ പണി പുരോഗമിക്കാതിരിക്കാൻ കാരണമെന്തു്

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അടിയന്തിരാവസ്ഥമൂലം ശുദ്ധജല വിതരണത്തിന്റെ പ്രവർത്തനം നിറുത്തിവച്ചിട്ടില്ല. കോഴിക്കോട്ടുപട്ടണത്തിലെ ശുദ്ധജലവിതരണപദ്ധതി നടപ്പാക്കുന്നതിനു മുൻപു് ഒരു ഇൻറർവിം സ്കീമുണ്ട്; ഇപ്പോഴും അതു പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്, അധികം താമസിയാതെ പൂർത്തിയാകുന്നതാണ്.

പാലം പണി.

* 11 (7) ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1963 ആഗസ്റ്റുമാസത്തിനുശേഷം നവംബർ 30-ാംതീയതി വരെയുള്ള കാലയളവിൽ ഏതെങ്കിലും മേജർപാലം പണിയുന്നതിനുള്ള കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കുന്നത്തൂർ പാലം ഏറെനാൾ പണിമുടങ്ങിക്കിടന്നിരുന്നതിന്റെ ശേഷം വീണ്ടും പണി തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly